(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) വയറിംഗ് ഉൾപ്പെടെ എല്ലാ അറ്റകുറ്റപ്പണികളും പൂർത്തിയായിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

എസ്.എസ്.എൽ.സി.-ക്ക് ഗ്രേഡിംഗ് സമ്പ്രദായം

80 [632] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) എസ്.എസ്.എൽ.സി. മൂല്യനിർണ്ണയ സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) എസ്.എസ്.എൽ.സി. മൂല്യനിർണ്ണയത്തിലെ പരാതികൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ഗ്രേഡിംഗ് സമ്പ്രദായ പ്രകാരമുള്ള മൂല്യനിർണ്ണയത്തിൽ പഠിതാവിന്റെ സർവ്വതോൻമുഖമായ വികാസം വിലയിരുത്തപ്പെടുന്നു.

2. പഠിതാവിന്റെ വൈജ്ഞാനികവും വൈജ്ഞാനികേതരവുമായ മേഖലകളിലെ കഴിവുകൾ വിലയിരുത്തപ്പെടുന്നു.

3. മോഡറേഷൻ, തോൽവി എന്നിവ ഒഴിവാക്കി 9 പോയിന്റ് സ്കെയിലിലുള്ള ഗ്രേഡിംഗ് നിലവിൽ വരുന്നു.

4. താഴ്ന്ന ഗ്രേഡ് കിട്ടുന്നവർക്ക് മെച്ചപ്പെടുത്തുന്നതിന് അവസരം നൽകുന്നു.

5. പരീക്ഷാ ക്രമക്കേടുകൾ, അനാരോഗ്യകരമായ മത്സരം എന്നിവ ഒഴിവാക്കി സ്കൂൾതല വിലയിരുത്തൽ സുതാര്യമാക്കുന്നു.

6. സമഗ്രവും തുടർച്ചയായതുമായ വിലയിരുത്തൽ സാധ്യമാകുന്നു.

7. കുട്ടികളിലെ പരീക്ഷാ ഭീതിയും മാനസിക പിരിമുറുക്കവും ഒഴിവാക്കപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) മൂല്യനിർണ്ണയം മൂന്നു ഭാഗങ്ങളായി നടത്തപ്പെടുന്നു.

പാർട്ട്-1.—നിലവിലുള്ള 12 പേപ്പറുകൾക്കു പുറമെ ഇൻഫർമേഷൻ ടെക്നോളജി കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. ഐ.റ്റി. ഒഴിച്ചുള്ള ഓരോ പേപ്പറിനും ഇന്റേണൽ അസസ്സ്മെന്റിന് (സ്കൂൾതല വിലയിരുത്തൽ) 20 മാർക്ക് വീതവും എഴുത്തുപരീക്ഷക്ക് 50 മാർക്ക് വീതവും നൽകുന്നതാണ്. ഐ. റ്റി.-ക്ക് ഇന്റേണൽ അസസ്മെന്റിന് 10 മാർക്കും എഴുത്തുപരീക്ഷയ്ക്ക് 50 മാർക്കും നൽകുന്നതാണ്. ഇതിന് അബ്സൊല്യൂട്ട് 9 പോയിന്റ് സ്കെയിലാണ് നടപ്പിലാക്കുന്നത്.

പാർട്ട്-2.—5 പോയിന്റ് അബ്സൊല്യൂട്ട് ഗ്രേഡിംഗ് നടപ്പിലാക്കുന്നതാണ്. പ്രവൃത്തി പരിചയം, കലാപഠനം, ആരോഗ്യവും കായിക വിദ്യാഭ്യാസവും എന്നീ മൂന്നു മേഖലകൾ വിലയിരുത്തപ്പെടും. ഓരോന്നിനും പരമാവധി 20 മാർക്ക് വീതം (ആകെ 60 മാർക്ക്) ലഭിക്കുന്നതാണ്.

പാർട്ട്-3.—5 പോയിന്റ് ഡയറക്ട് ഗ്രേഡിംഗ് നടപ്പിലാക്കും. ഇതിൽ സംഘപ്രവർത്തനങ്ങൾ, ആശയവിനിമയനൈപുണി, കൃത്യനിഷ്ഠ, നേതൃത്വഗുണം, സ്കൂൾ ക്ലബ് പ്രവർത്തനങ്ങൾ എന്നിവയാണ് വിലയിരുത്തപ്പെടുന്നത്. ഈ മൂല്യനിർണ്ണയ രീതി 2005 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷ മുതലാണ് നടപ്പാക്കപ്പെടുന്നത്.

(ഇ) പരാതികൾ ഒഴിവാക്കുന്നതിനും പരിഹരിക്കുന്നതിനുമായി കുറ്റമറ്റ രീതിയിൽ സ്കൂൾ തലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ബോർഡുകൾ രൂപീകരിക്കും.

സ്കൂൾ വിദ്യാർത്ഥികളുടെ ഗ്രേഡ് നിർണ്ണയം

81 [633] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ഗ്രേഡ് നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly